Kerala Infrastructure and Technology for Education

little KITEs

# QWERTY






# CHERUPUSHPA HIGH SCHOOL

## MAGAZINE 2018 -19

# Felicitation

With great privilege and pleasure I congratulate you- The Little Kites for your great effort in making QWERTY-e magazine a grand success.

Lovingly yours
Anto C.L
**Headmaster**

# ആശംസ

ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾ അണിയിച്ചൊരുക്കിയ മാഗസിൻ ഏറെ മനോഹരമായിരിക്കുന്നു. പുതുതലമുറയിലെ അക്ഷരചിഹ്നങ്ങളായചെറുപുഷ്പത്തിന്റെപൊന്നോമനകൾക്കും അവരുടെ കരവിരുതിൽ വിരിഞ്ഞ മാഗസിനും അഭിനന്ദനങ്ങളും ആശംസകളും. മുത്തശ്ശി കഥകൾ കേട്ടുറങ്ങിയ പാടവരമ്പിലൂടെ പിച്ചവച്ച ആ ബാല്യത്തിൽ നിന്നും ഹൈടെക്ക് യുഗത്തിലേക്ക് പറന്നുയരുന്നവരാണ് ഇന്നത്തെ തലമുറ. കംപ്യൂട്ടർ കരവിരുതിൽ അവർ ഇതൾ വിടർത്തിയ ഈ ഡിജിറ്റൽ മാഗസിൻ ഇതിന് ഏറ്റവും ഉത്തമമായ തെളിവ് ആണ്. ഡിജിറ്റൽ യുഗത്തിൽ ഇനിയും ഇത്തരം സൃഷ്ടികൾക്ക് ജന്മം കൊടുക്കുവാൻ നിങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ആശംസകളോടെ

**സിസ്റ്റർ ദിവ്യാ മാത്യൂ**

**[സ്റ്റാഫ് പ്രതിനിധി]**

# ചെറുപുഷ്പ ഹൈസ്കൂൾ ചന്ദനക്കാംപാറ

**ചീഫ് എഡിറ്റർ** : ആന്റോ സി.എൽ [H.M]

**സ്റ്റാഫ് എഡിറ്റർ** : ഷെബിൻ ജോൺ

**സ്റ്റുഡന്റ് എഡിറ്റർ** : ആഗ്നറ്റ് എബ്രഹാം

**സബ് എഡിറ്റേർഴ്സ്** : ടിന ജോൺസ്

ജിൻസി ജോസ്

**കവർ ഡിസൈൻ** : റസൽ മുസ്തഫ

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ചെറുപുഷ്പ ഹൈസ്കൂൾ ചന്ദനക്കാംപാറ 2018 - 19



# ആമുഖം

അറിവിന്റെ ഹൈടെക്ക് ലോകത്തേക്ക് വിദ്യാർത്ഥികളെ കൈപിടിച്ച് നടത്തുവാൻ കേരളത്തിലെ ഹൈസ്കൂളുകളിൽ വിദ്യാഭ്യാസ പൊതുസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ശ്രദ്ധേയമായ പ്രവർത്തനങ്ങളിൽ ഒന്നാണ് 'ലിറ്റിൽ കൈറ്റ്സ് '. ഈ പദ്ധതിയുടെ ഭാഗമായി 45,000 ക്ലാസ് റൂമുകൾ 4775 സ്കൂളുകളിലായി ഹൈടെക്കായി മാറി.

കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ് വെയർ, ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച ഹൈസ്കൂൾ കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്.

# contents

അറിവിൻെറ തണൽമരം........8
കമ്പ്യൂട്ടർ തലമുറകൾ........9
പ്രതീക്ഷയുടെ കിരണങ്ങൾ........17
കഥ........18
അഭ്രപാളിയിൽ........19
നവകേരളം എൻെറ ഭാവനയിൽ........21
ഡിജിറ്റൽ പെയിന്റിങ്........26
SLICE OF LIFE........27
ചിത്രലോകം........29
പ്രളയവും അതിജീവനവും........32
ഇറാ സിംഗാൾ ഐ.എ.എസ്........33
Stephen Hawking........34
കഥ അവശതയിലെകരുതലാകേണ്ടവർ........35
നവകേരളത്തിൻ ജന്മദിനം........37
ജീവചരിത്രം........38
ഹരിതകേരളം........41
സംഗീതോപകരണങ്ങൾ........45
അവസാനത്തെ അതിഥി *ജൂലിയുടെ ദു:ഖം........47*
ഇന്ത്യയിലെ ബഹിരാകാശ ഗവേഷണം സാധ്യതകളും വെല്ലുവിളികളും........52
കവിത........60
മികവുകൾ........62
കായിക മികവുകളിലൂടെ........63
നന്ദി........66

കവിത

# അറിവിൻെറ തണൽമരം

ഓർമ്മയുണ്ടെനിക്കിന്നുമാ

വിദ്യാലയത്തിൻെറ ഓർമ്മകൾ

വീണ്ടുമോർമ്മിക്കുമ്പോൾ,

നഷ്ടബോധത്തിൻ അലയടികളുയരുന്നു.

അങ്കണത്തെത്തിച്ചൊ-
രമ്മതൻ കരസ്പർശവും

അറിവിൻെറ യക്ഷരക്കൂട്ടങ്ങ-
ളൊന്നായി ഹൃദ്യസ്ഥമാക്കിയോരാ

ഉൾത്തടങ്ങളും, ഉറ്റവരൊന്നാ-

യൊത്തുചേർന്നീടുമ്പോ;

ളാത്മസുഖത്തിന്നതി-
രുകളില്ലാത്തോരോ തണൽ

മരച്ചോട്ടും ഇടവഴികളും.

അച്ഛൻെറയൂഴമായി വന്നെ-
ത്തുന്നോരാകാലത്തിൽ

തുണയായ് തണലായ്,


ഗുരുഭൂതരെന്നുമീശ്വര;

തുല്യരായ് മാറി, സ്നേഹമാം കളിത്തോപ്പിൽ

പരിയാളനങ്ങളേറ്റു വളർ-


ന്നോരീ കാലമാം; ഓർമ്മയുടെ പൂക്കാലം,

അക്കാലമാണെൻ അറിവിൻെറ കാലം.




**സാനിയ അനിൽ VIII B**

# കമ്പ്യൂട്ടർ തലമുറകൾ



ആധുനിക ലോകത്ത് മനുഷ്യന് ഒഴിവാക്കാനാവാത്ത അവശ്യ വസ്തുവായി മാറിയിരിക്കുകയാണ് കമ്പ്യൂട്ടർ.ഓരോ കമ്പ്യൂട്ടർ തലമുറയും സാങ്കേതിക പുരോഗതിയുടെ ഫലമായുണ്ടായതാണ്. ഇത് കമ്പ്യൂട്ടറിന്റെ ഉപയോഗത്തിൽ വളരെയധികം മാറ്റങ്ങൾ വരുത്തി. കമ്പ്യൂട്ടറുകളെ താഴെപ്പറയും വിധത്തിൽ അഞ്ച് തലമുറകളായി തരംതിരിക്കാം.

**ഒന്നാം തലമുറ (1940 - 1956)**
**രണ്ടാം തലമുറ (1956 - 1963)**
**മൂന്നാം തലമുറ (1964 - 1971)**
**നാലാം തലമുറ (1971 - ഇതുവരെ)**
**അഞ്ചാം തലമുറ (1980 - ...)**



# ഒന്നാം തലമുറ കമ്പ്യൂട്ടറുകൾ

ഈ തലമുറയിലെ കമ്പ്യൂട്ടറുകളിൽ പരിഭ്രമണത്തിനായി (Circuit) വാക്വം ട്യൂബുകളാണ് (Vacuum Tubes) ഉപയോഗിച്ചിരുന്നത്. മെമ്മറിക്കായി മാഗ്നറ്റിക് ഡ്രമ്മുകളും (Magnetic Drums) ഉപയോഗിച്ചിരുന്നു. വാക്വം ട്യൂബ് എന്നാൽ ചില്ല് കൊണ്ടുണ്ടാക്കിയ ഒരു ഉപകരണമാണ്. ഇതിൽ ഫിലമെന്റുകൾ ഉപയോഗിച്ച് ഇലക്ട്രോണുകൾ നിർമ്മിക്കുന്നു. ഇത് ഇലക്ട്രോണിക് സിഗ്നലുകളെ വികസിപ്പിക്കാനായാണ് (Amplify) ഉപയോഗിച്ചിരുന്നത്.

ഈ കമ്പ്യൂട്ടറുകൾ കണക്ക് കൂട്ടലുകൾ മില്ലിസെക്കന്റുകൾക്കുള്ളിൽ (Milliseconds) നടത്തിയിരുന്നു.പക്ഷേ ഈ കമ്പ്യൂട്ടറുകൾ വളരെയധികം സ്ഥലം അപഹരിച്ചിരുന്നു. ഒരു കമ്പ്യൂട്ടർ സ്ഥാപിക്കാനായി ഒരു മുറി മുഴുവനായും വേണ്ടി വന്നിരുന്നു. കമ്പ്യൂട്ടറുകളുടെ വലിപ്പം വളരെ വലുതായതു കൊണ്ടു തന്നെ ഇവ പ്രവർത്തിപ്പിക്കാൻ ധാരാളം വൈദ്യുതി ആവശ്യമായി വന്നിരുന്നു. മാത്രവുമല്ല, ധാരാളം താപം (Heat) ഇവയിൽ നിന്ന് പുറന്തള്ളിയിരുന്നു. ഈ താപത്തെ പ്രതിരോധിക്കാനായി, കമ്പ്യൂട്ടർ വെച്ചിരുന്ന മുറികൾ ശീതീകരിച്ചിരുന്നു (Air

Conditioned).

ഇവയിൽ കണക്ക് കൂട്ടലുകൾ നടത്താനുള്ള നിർദ്ദേശങ്ങൾ നൽകാനായി യന്ത്രഭാഷയാണ് (Machine Language) ഉപയോഗിച്ചിരുന്നത്.

ഒന്നാം തലമുറയിലെ കമ്പ്യൂട്ടറുകൾക്ക് ഉദാഹരണങ്ങൾ ഇവയാണ് : എനിയാക് (ENIAC), എഡ്‌വാക് (EDVAC), യൂണിവാക് (UNIVAC). ഇവ ശാസ്ത്രീയ കണക്ക് കൂട്ടലുകൾ (Scientific Calculations) നടത്താനാണ് ഉപയോഗിച്ചിരുന്നത്.

വാണിജ്യ കമ്പ്യൂട്ടറുകൾ



# രണ്ടാം തലമുറ കമ്പ്യൂട്ടറുകൾ

രണ്ടാം തലമുറ കമ്പ്യൂട്ടറുകളിൽ വാക്വം ട്യൂബുകൾക്ക് പകരം ട്രാൻസിസ്റ്ററുകളാണ് (Transistors) ഉപയോഗിച്ചിരുന്നത്. അവ വാക്വം ട്യൂബുകളേക്കാൾ വേഗതയേറിയതും വിശ്വസിനീയവുമായിരുന്നു. വാക്വം ട്യൂബുകളെ അപേക്ഷിച്ച് ട്രാൻസിസ്റ്ററുകൾ വലിപ്പത്തിൽ വളരെ ചെറുതായിരുന്നു. മാത്രവുമല്ല ട്രാൻസിസ്റ്ററുകൾ വളരെ കുറച്ച് താപം മാത്രമേ ഉല്പാദിപ്പിക്കുകയുള്ളൂ.

ഈ കമ്പ്യൂട്ടറുകളിൽ യന്ത്രഭാഷക്ക് പകരമായി അസംബ്ലി ഭാഷയാണ് (Assembly Language) ഉപയോഗിച്ചിരുന്നത്. കമ്പ്യൂട്ടറിന് നൽകേണ്ട നിർദ്ദേശങ്ങൾ വാക്കുകളുടെ രൂപത്തിൽനൽകാൻ അസംബ്ലി ഭാഷ കൊണ്ട് സാധിച്ചു. ഇത് പ്രോഗ്രാം ചെയ്യുന്നവരെ വളരെയധികം സഹായിച്ചു. ഈ തലമുറയിലെ കമ്പ്യൂട്ടറുകളുടെ പ്രധാന പ്രത്യേകത, പ്രോഗ്രാം ശേഖരണ രീതിയാണ് (Stored Program Concept) ഉപയോഗിച്ചിരുന്നത് എന്നതായിരുന്നു. അതായത് നിർദ്ദേശങ്ങളും മറ്റും കമ്പ്യൂട്ടറിന്റെ ഓർമ്മയിലാണ് (Memory) സൂക്ഷിച്ചിരുന്നത്. ഈ കമ്പ്യൂട്ടറുകളിൽ ശേഖരണ ഉപകരണങ്ങളായി കാന്തിക ടേപ്പുകളും (Magnetic Tapes) കാന്തിക ഡിസ്കുകളുമാണ് (Magnetic Disks) ഉപയോഗിച്ചിരുന്നത്.

രണ്ടാം തലമുറ കമ്പ്യൂട്ടറുകളുടെ ഉദാഹരണങ്ങൾ : IBM 1620, PDP8, CDC1604



# മൂന്നാം തലമുറ കമ്പ്യൂട്ടറുകൾ

ഈ തലമുറയിലുണ്ടായ പ്രധാന മാറ്റം, ഐ. സി. ചിപ്പുകളുടെ (I.C.Chips) ഉത്ഭവമാണ്. ഐ. സി. എന്നത് വൈദ്യുത സർക്യൂട്ട് അടങ്ങുന്ന ഒരു സിലിക്കൺ ചിപ്പ് ആണ്. ഈ ഒരു ചെറിയ ചിപ്പിൽ തന്നെ ട്രാൻസിസ്റ്റർ പോലുള്ള, സർക്യൂട്ടിൽ ഉപയോഗിക്കുന്ന ധാരാളം വസ്തുക്കൾ (Circuital Elements) കൂട്ടിച്ചേർക്കാനാകും. ഐ. സി. യുടെ കണ്ടുപിടിത്തം കമ്പ്യൂട്ടറുകളുടെ വേഗതയേയും കഴിവിനേയും കാര്യമായി ബാധിച്ചു.

മൂന്നാം തലമുറ കമ്പ്യൂട്ടറുകളുടെ ഉദാഹരണങ്ങൾ : IBM 370, PDP11, CDC7600



# നാലാം തലമുറ കമ്പ്യൂട്ടറുകൾ

ഈ തലമുറയിലെ കമ്പ്യൂട്ടറുകളിൽ കമ്പ്യൂട്ടർ അഥവാ കമ്പ്യൂട്ടർ സംബന്ധിച്ച ഉപകരണങ്ങളുടെ നിർമ്മാണത്തിൽ Large Scale Integration (LSI) ഉം Very Large Scale Integration (VLSI) ഉം ഉപയോഗിച്ചിരുന്നു. LSI അല്ലെങ്കിൽ VLSI തുടങ്ങിയവയിൽ ഒരു ചിപ്പിൽ കഴിഞ്ഞ തലമുറയിൽ നിന്ന് വ്യത്യസ്തമായി അതിൽ കൂടുതൽ വസ്തുക്കൾ കൂട്ടിച്ചേർത്തു. ആ ചിപ്പിന് മൈക്രോപ്രൊസസ്സർ (Microprocessor) എന്നാണ് പേര്. അതിൽ കൺട്രോൾ ലോജിക്കും മെമ്മറിയും ഉൾപ്പെടുത്തിയിരുന്നു. ലോകത്തെ ആദ്യ മൈക്രോപ്രൊസസ്സർ ഇന്റൽ കമ്പനിയുടെ ഇന്റൽ 4004 ആയിരുന്നു. ശേഖരണത്തിനായി കാന്തിക വസ്തുക്കൾക്ക് പകരം അർദ്ധചാലക (Semiconductor) സംവിധാനങ്ങൾ ഉപയോഗിച്ചതും ഈ തലമുറയിലായിരുന്നു.

ആശയവിനിമയത്തിനായി കമ്പ്യൂട്ടറുകൾ തമ്മിൽ ബന്ധിപ്പിക്കപ്പെട്ടു. രണ്ട് തരത്തിൽ ഈ ബന്ധനത്തെ തരം തിരിച്ചിരുന്നു :

ലോക്കൽ ഏരിയ നെറ്റ്‌വർക്ക് (Local Area Network - LAN)

വൈഡ് ഏരിയ നെറ്റ്‌വർക്ക് (Wide Area Network - WAN)

LAN ൽ കമ്പ്യൂട്ടറുകൾ വളരെ അടുത്തായി സ്ഥാപിച്ചിരിക്കുന്നു. അതായത് ഒരു മുറിയിലോ അല്ലെങ്കിൽ ഒരു കെട്ടിടത്തിലോ മറ്റോ സ്ഥാപിച്ച കമ്പ്യൂട്ടറുകൾ തമ്മിലാണ് ഈ ബന്ധനം നടക്കുന്നത്.

എന്നാൽ WAN ൽ ലോകം മുഴുവനുമുള്ള കമ്പ്യൂട്ടറുകളുമായി സംവദിക്കാൻ നമുക്ക് അവസരമൊരുക്കുന്നു.

ഈ തലമുറയിൽ ഹൈ ലെവൽ ഭാഷകളാണ് നിർദ്ദേശങ്ങൾ നൽകുന്നതിനായി ഉപയോഗിക്കുന്നത്.

നാലാം തലമുറ കമ്പ്യൂട്ടറുകളുടെ ഉദാഹരണങ്ങൾ : IBM 4300, ICL 2900



# അഞ്ചാം തലമുറ കമ്പ്യൂട്ടറുകൾ

ഈ തലമുറയിൽ Ultra Large Scale Integration (ULSI) സങ്കേതമാണ് ഉപയോഗിക്കുന്നത്. അത് നാലാം തലമുറയിലുപയോഗിച്ചിരുന്ന മൈക്രോപ്രൊസസ്സറുകളേക്കാൾ വേഗതയേറിയതും ശക്തിയേറിയതുമാണ്. കൊണ്ടുനടക്കാവുന്ന തരത്തിലുള്ള കമ്പ്യൂട്ടറുകൾ അവതരിപ്പിക്കപ്പെട്ടത് ഈ തലമുറയിലാണ്. കൃത്രിമ ബുദ്ധിയുള്ള (Artificial Intelligence) കമ്പ്യൂട്ടർ ഉപകരണങ്ങൾ കണ്ടെത്താനുള്ള ഗവേഷണങ്ങൾ ലോകത്തിന്റെ പല കോണുകളിലും നടന്നുകൊണ്ടിരിക്കുന്നു. ഈ തലമുറയിൽ സി,സി പ്ലസ് പ്ലസ്,ജാവ,തുടങ്ങിയ കമ്പ്യൂട്ടർ ഭാഷകളിൽ എഴുതിയ നിർദ്ദേശങ്ങൾ അനുസരിക്കുന്ന പഴയ തലമുറകളിൽ നിന്നു വ്യത്യസ്തമായി മനുഷ്യ ഭാഷതന്നെ ഉപയോഗിച്ചേക്കാം.




# കവിത

## പ്രതീക്ഷയുടെ കിരണങ്ങൾ



മഞ്ഞണിഞ്ഞ ഉഷസ്സിൻ ശിരസ്സിൽ
അണിഞ്ഞിരുന്ന വൈരക്ക-
ല്ലുപതിച്ചൊരാ പൊൻകിരീടം
അതിൽ പറയാതെ ഈ അന-
ന്തഹരിതഭുവിലെവിടയും ചിന്നിച്ചി-
തറിത്തെറിച്ചിടുന്നു, പുൽ മേട്ട-
കൾ ആദിയായവയൊക്കെയും കോരി-
തരിച്ചങ്ങുനിന്നിടുന്നു, പാടത്തു
പാറുന്ന പച്ചപനന്തത്തകൾ,
പൊൻ നെൽക്കതിരുകളാടിയുലയുന്നു.
കാറ്റിൻെറ താളത്തിലീകൊച്ചുപുലരിയിൽ
വിടരുന്ന വാടിപ്രതീക്ഷയറ്റൊരാ-
പൂങ്കുലയൊക്കെയും, കാരണം പ്രഭാ-
തം പകർന്നിടുന്നോരോ നാമ്പിലും
ഇനിയും വിരിയാനൊരുദ്ഘോഷണം
ഹാ! എത്ര മധുരമീപൊൻപുലരികൾ

**മരിയ** IX B



# കഥ

## എളിമയുടെ വിജയം

അഹങ്കാരിയായൊരു പേനയും ക്ഷമാശീലമുള്ള കടലാസും ഒരു വീട്ടിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ പേന പറഞ്ഞു. ഞാനാണ് നിന്നെക്കാൾ വലിയവൻ. ഞാൻ മനസ്സുവെച്ചാലേ നിനക്ക് ജീവനുണ്ടാകൂ. എനിക്ക് നിന്നെ എത്രവേണമെങ്കിലും ഉപദ്രവിക്കാം പക്ഷേ നിനക്ക് എന്നെ ഒന്നും ചെയ്യാൻ പറ്റില്ല എന്നുപറഞ്ഞ് കളിയാക്കുമ്പോഴും കടലാസ് ഒന്നും മിണ്ടിയില്ല ഒന്നു ചിരിച്ചു.

കുറച്ച് കാലങ്ങൾക്ക് ശേഷം പേനയുടെ മഷി തീർന്നു. ഒരു മാലിന്യമായി എല്ലാവരുടേയും കൈയ്യിലെ കളിപന്തായി .ഒടുക്കം തൻെറ പഴയ സുഹൃത്തിനെ കണ്ടുമുട്ടി. അവൻ സന്തോഷമായി കഴിയുന്നു. എന്നാൽ പേനയുടെ അവസ്ഥ വളരെ ദയനീയമായിരുന്നു. തൻെറ സുഹൃത്തിനെകണ്ട പേന ചോദിച്ചു. ചങ്ങാതീ ഞാൻ നിന്നെ എത്ര തവണ കളിയാക്കി ചിരിച്ചു എന്നിട്ടും നീ എന്നെ ഒന്നു ശകാരിച്ചതുപോലുമില്ല. എന്നാൽ ഇന്ന് നീയെന്നെ കളിയാക്കിയില്ല. ഞാൻ നിന്നോട് മാപ്പ് ചോദിക്കുന്നു ചങ്ങാതീ. കടലാസ് പറഞ്ഞു സുഹൃത്തേ നമ്മൾ ജീവിക്കുമ്പോൾ അവഗണനയും കളിയാക്കലും ക്രൂരതയും ഉണ്ടാകുമ്പോൾ ദേഷ്യപ്പെടാതെ എളിമയോടെ ജീവിച്ചാൽ നാം ജീവിതത്തിൽ വിജയിക്കും.

മനസ്സിലായി ചങ്ങാതീ ഇനി ഒരു ജന്മമുണ്ടെങ്കിൽ നിന്നോടൊപ്പം നിൻെറ ഉറ്റ ചങ്ങാതിയായി ഞാൻ എന്നും ഉണ്ടാകും.

**തോമസ് മാർട്ടിൻ** IX-B



# അഭ്രപാളിയിൽ

പുലരിതൻ പൊൻകിരണങ്ങൾ
കണ്ടു
വെൺ നേത്രങ്ങൾ തുറന്നു
സൂര്യനെപ്പോൽ തിളങ്ങുന്ന നിൻ
മേനിക്ക്
സൂര്യനേക്കാൾ ശോഭയെന്ന്
തോന്നിയെനിക്ക്

നീലവർണത്തിൽ നിറഞ്ഞ നീലാ-
കാശത്തിൽ ളുവെള്ള മലർ പോലൊ -
ഴുകും മേഘമേ ദൂതുമായി നീയെങ്ങോട്ട്
പോകുന്നു ? ആർക്കു നല്കുവാനീ ദൂത്
ഭൂമിതൻ കാതിൽ നിൻ കണങ്ങൾ
പതിക്കുമ്പോൾ , സഫലമാകുന്നു ഈ
ഹരിതഭൂമി .

എങ്കിലും നന്ദിയോതിയില്ല നിൻ കാതിൽ

നീയെന്ത് അപരാധം ചെയ്തു ധരണിയോട്
നിൻ നേത്രങ്ങളിൽ പൊഴിയും
മിഴിനീരല്ലോ ഈ ഭൂമിക്കു ദാഹജലം
നിൻ സങ്കടപ്പെരുമഴയല്ലോ ഭൂമിക്കു ജീവൻ
നിൻ സങ്കടം അവർക്കു ഹർഷം
നിൻ കണ്ണുനീർ അവർക്കു ജീവൻ

സൂര്യകിരണങ്ങളോളിപ്പിച്ചു വെച്ചുനീ
ഭൂമിയിൽ അന്ധകാരമോ പടർത്തി
നിൻ ആദ്യ നീർതുള്ളികൾ ഭൂമിയിൽ
പതിച്ചു , നരൻ തൻ ഹൃത്തിൽ
ഹർഷാമോദം, വിടവാങ്ങുന്ന നിമിഷം
**ഏഴു നിറമുള്ള സൂര്യനെ നൽകി നീ , എങ്കിലും**
**നീയെവിടെ മേഘമേ ?**

**ടെസ്സ മരിയ ജെയ്സൺ**

**X.B**

# നവകേരളം എൻെറ ഭാവനയിൽ




കേരളം ഇന്ന് വികസനത്തിൻെറ പാതയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. അതിനനുസരിച്ചുള്ള പലപല മാറ്റങ്ങൾ ഇന്ന് നമുക്ക് ചുറ്റം നടന്നുകൊണ്ടിരിക്കുന്നു. മെട്രോ, വിമാനത്താവളം കൂടാതെ മറ്റനേകം ടെക്നിക്കൽ വിദ്യയിലൂടെ കേരളം മുന്നേറുമ്പോൾ നമുക്ക് പറയാൻ കഴിയില്ല ഇതൊരു സമ്പൂർണ്ണ കേരളമാണെന്നുള്ളത്. കാരണം വികസനം ചെന്നെത്താത്ത പല മേഖലകൾ നമുക്ക് മുന്നിലുണ്ട്. അവരുടെ അടിസ്ഥാനാവശ്യങ്ങൾ, അങ്ങനെ പല കുറവുകളും കേരളത്തിൻെറ ഓരോ ചുറ്റുപാടുകളിലും നമുക്ക് കാണാൻ കഴിയും. 'വികസനം' അത് വേണ്ടതാണ്. അതനുസരിച്ച് മനുഷ്യരും മാറണം. പക്ഷെ ആ മാറ്റങ്ങൾ ഒരു വ്യക്തിയിലേക്കൊ ഒരു സമൂഹത്തിലേക്കോ ആയി മാത്രം ചുരുങ്ങിപ്പോകരുത്. അധികാരികളുടെ കണ്ണെത്താത്ത നിരവധി പ്രദേശങ്ങൾ നമുക്ക് ചുറ്റം ഉണ്ട്. കണ്ടിട്ടും പ്രതികരിക്കാതെ മാറി നിൽക്കുന്നവരും ഉണ്ട്. ഇങ്ങനെ ആവരുത് എൻെറ ഭാവനയിലെ കേരളം. വരേണ്ടതുണ്ട് പല മാറ്റങ്ങൾ....

കുടിവെള്ള പ്രശ്നം, റോഡ് നിർമ്മാണം, ട്രാഫിക്ക് പ്രശ്നങ്ങൾ ഇവയിലെല്ലാം നാം പരമാവധി വികസനം നേടിയിട്ടുണ്ടെങ്കിലും ഇവിടെയും ചില വീഴ്ചകളുണ്ട്. ഇന്നും ശുദ്ധമായ വെള്ളം കുടിക്കാൻ കഴിയാത്ത എത്രയോ ജീവനുകൾ കേരളത്തിന്റെ നാനാഭാഗത്തും ഉണ്ട്. ഹോസ്റ്റലുകളിലും, ഹോട്ടലുകളിലും എല്ലാം ലഭ്യമാകുന്ന വെള്ളം മലിനമാണ്. വെള്ളത്തിന് ഒരു ക്ഷാമവും ഇല്ല. അതിന്റെ ശുദ്ധതക്കാണ് ക്ഷാമം. കുടിക്കാനും, കുളിക്കാനും ഒന്നിനും കൊള്ളാത്ത വെള്ളം ആണ് ശുദ്ധജലത്തെക്കാൾ നമുക്ക് മുന്നിലുള്ളത്. മറ്റൊന്ന് റോഡ് നിർമ്മാണം. കേരളത്തിലെ റോഡ് നിർമ്മാണം നല്ല രീതിയിൽ മുന്നോട്ട് പോകുന്നുണ്ടായിരുന്നു. പല പല സർക്കാരുകൾ വന്ന് വ്യത്യസ്ത പ്രോജക്ടുകൾ റോഡ് നിർമ്മാണത്തിനായി മാറ്റിവച്ചിരുന്നു. പക്ഷെ നമുക്കറിയാം കേരളം കണ്ടതിൽ വച്ച് ഏറ്റവും വലിയ പ്രളയം അത് കേരളത്തിന് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. ഈ ഒരു ദുരിതത്തിൽ കേരളം കണ്ട  ദുരന്തമാണ് റോഡിന്റെ തകർച്ച. നാം ദൃശ്യങ്ങളിലൂടൊക്കെ ഒരുപക്ഷെ കണ്ടുകാണും ഹൈവേകൾ എല്ലാം നടുവേ പൊട്ടിപോകുന്നത്. ഇന്നെല്ലാം ഇതിന് കുറയേ മാറ്റങ്ങൾ, വികസനം വന്നുചേർന്നിട്ടുണ്ടെങ്കിലും വേണ്ടത്ര മുന്നേറാൻ കേരളത്തിന് കഴിഞ്ഞിട്ടില്ല. റോഡിന്റെ പുനർ നിർമ്മാണം മുടങ്ങിയതോടെ മറ്റ് പല പ്രശ്നവും വന്നുചേർന്നിട്ടുണ്ട്. മൂന്നാമത്തെ പ്രശ്നം എന്ന് എനിക്ക് തോന്നിയത് സ്ത്രീകളുടെയും

കുട്ടികളുടെയും സുരക്ഷിതത്വമാണ്. ഇന്ന് വീട്ടിൽ ഒരു സ്ത്രീ തനിച്ചിരിക്കാൻ ഭയപ്പെടുന്നു. കാരണം അവൾ സുരക്ഷിതയല്ല. റോഡിലും ബസ്സിലും മാന്യമായി സ്ത്രീകൾക്ക് ഇന്ന് നടക്കാൻ കഴിയുന്നുണ്ടോ എന്ന് ചോദിച്ചാൽ ഇല്ല എന്നുതന്നെയാണ് ഉത്തരം. കാരണം കേരളം കണ്ടതിൽ വച്ച് ഏറ്റവും വലിയ ഒരു വാർത്തയായിരുന്നു ജിഷ വധക്കേസ്. കേരളത്തിൻെറ ചരിത്രതാളുകളിൽ ഇതിന് സമാനമായി മറ്റനേകം വാർത്തകളും നമുക്ക് കാണാൻ കഴിയുന്നു. ഇവിടെയെല്ലാം നാം ചോദിക്കേണ്ട ഒന്നുണ്ട് ,എന്തുകൊണ്ട് ഇങ്ങനെ ? വികസനത്തിൻെറ പാതയിൽ മുന്നേറുമ്പോൾ ഈ പ്രശ്നങ്ങളും അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. ഓരോ പാർട്ടിയും ഇലക്ഷൻ സമയത്ത് മുന്നോട്ടുവെക്കുന്ന ആദർശം വികസനമാണ്. ഏത് തരത്തിൽ അത് നടക്കുന്നു എന്ന് നാം ചിന്തിക്കണം.

പിന്നെ എന്നെ അലട്ടിയ, വേദനിപ്പിച്ച ഒന്ന് പ്രളയം തന്നെയാണ്. കേരളത്തിൽ ഇന്ന് മഹാ പ്രളയം വരാൻ കാരണം കേരളത്തിലെ മനുഷ്യർ പ്രകൃതിയെ വേദനിപ്പിച്ചതുകൊണ്ടാണ്.. പ്രകൃതിയെ സ്നേഹിക്കണം, സംരക്ഷിക്കണം എന്നൊക്കെ നാം സ്ഥിരം കേൾക്കുന്ന വാക്യങ്ങളാണ്. എങ്കിൽ പോലും സ്നേഹിച്ചില്ലങ്കിലും ദ്രോഹിക്കാതിരുന്നൂടെ. ഇങ്ങനെയെല്ലാം കേരളം എന്ന ദൈവത്തിൻെറ സ്വന്തം നാട്ടിൽ നടന്നിട്ടുണ്ടെങ്കിൽ

ഇതിന് കാരണം- ഒറ്റ ഉത്തരമേയുള്ളൂ മനുഷ്യൻ .എന്തിനിതെല്ലാം എന്ന് ചോദിച്ചാൽ വികസനം എന്ന് മറുപടി. രണ്ട് കെട്ടിടങ്ങൾ നിർമ്മിച്ചാൽ അത് യഥാർത്ഥ വികസനമല്ല. കേരളത്തിലെ ഓരോ വ്യക്തിക്കും എന്താണോ ആവശ്യം അതനുസരിച്ച് പ്രവർത്തിക്കുമ്പോൾ അത് വികസനമാണ്. മനുഷ്യൻെറ വികസനം എന്ന പ്രക്രിയ പ്രകൃതിക്ക് മേലേ നടക്കുകയുള്ളോ?. പ്രകൃതിയെ ചൂഷണത്തിനിരയാക്കി, നശിപ്പിച്ചുകൊണ്ട്, ഇല്ലാതാക്കികൊണ്ടുള്ള വികസനം വേണ്ട എന്ന് ഉറക്കെ പറയാൻ നമുക്ക് കഴിയണം. പ്രകൃതിയെ ഇരയാക്കാതെ വികസനം യാഥാർത്ഥ്യമാക്കാൻ കഴിയണം. ഇതായിരിക്കട്ടെ ഓരോരുത്തരുടെയും ലക്ഷ്യം.

കേരളപിറവി ദിനത്തിൽ എനിക്ക് കേരളത്തിനെക്കുറിച്ച് ഒന്നുംകൂടി പറയാനുണ്ട്. അത് വിദ്യാർത്ഥികളെ കുറിച്ചാണ്. ഇന്നത്തെ സന്ദേശവും അതുതന്നെ. വളർന്ന് വരുന്ന ഓരോ കുട്ടിക്കും, ലക്ഷ്യബോധം വേണ്ടതുണ്ട്. കേരളം പുരോഗതിയിലേക്ക് മുന്നേറുമ്പോൾ നാളെ ഈ കേരളത്തെ താങ്ങാൻ, കേരളത്തിന് കരുത്ത് പകരാൻ നമുക്ക് കഴിയണം. അതിന് ലക്ഷ്യബോധം വേണം. നാം എന്താകാൻ ആഗ്രഹിക്കുന്നുവോ അതാവാൻ നമുക്ക് കഴിയണം.

കേരളം സമ്പൂർണ്ണമാകാൻ ഇനി കുറച്ചുദൂരം കൂടിയേയുള്ളൂ. ഈ

പറഞ്ഞ വീഴ്ചകൾ, ഇവയെല്ലാം പരിഹരിക്കാൻ കഴിഞ്ഞാൽതന്നെ കേരളം വികസിത നാടായി മാറി. ഓരോ കുറവുകളും പരിഹരിക്കുന്നതാവണം ഇനിയുള്ള വികസനം. ഈ കേരളപ്പിറവി ദിനത്തിൽ പുതിയൊരു കേരളത്തെ സൃഷ്ടിക്കാൻ നമുക്ക് കഴിയട്ടെ. വളർന്ന് വരുന്ന തലമുറക്ക് പറയാൻ വിട്ടുകൊടുക്കരുത് കേരളം സമ്പൂർണ്ണ നാടല്ല എന്നുള്ളത്. അതിനായി നമുക്ക് ഒന്നിച്ച് മുന്നേറാം. നമ്മുടെ നാടിനായി നാടിൻെറ നന്മക്കായി.......

**എയ്ഞ്ചൽ മരിയ ജോൺ**
X.B



# ഡിജിറ്റൽ പെയിന്റിങ്





**ജോൺസ് വി.എസ് IX .A**

## SLICE OF LIFE



Persistence of espy and struggle to be scribed
Sweeps through the classic clements of my life
Towards the destiny
I sort out the heap of sky in my hand
I was struggling to keep back the murmur
Because I was hiding in the dark moon
Yore back, deep the light
spersed in my heart of love
I turned around and looked
Still the world seem to be crooked
All the way I passed beyond
Was ringed with a silence
Has the life left me something?
Yep! purling life left me something
It's last rays kissed my forehead
And went off with a black rose.
No one give me a sigh;
My pen still remained unmoved
My lips blued with shiverBut he graved me over and over
Still I was struggling
The sound of my dream remained

CHERUPUSHPA H.S CHANDANAKAMPARA

At the door
My life was dark and blank
The sea of trinity broke out with trouble
And climbed up the hills for a cry
Can't concentrate, my mind was twirling
But he left me a hand to hold up
To find the unwritten words of my life
Which was lost in the black
At the Welkin, the red glitters glows
Hold his hand and passed
The creeping garden
But he left me at the shooting star
His face get torn and sucked the
Blood which squeezed from my heart
No one heard my cry
Because I was dark and loneI took the last breath
My eyes went bleary
I was the petal who
fallen at the half slice of life
But love made a hill on me
I was not the one to be laid under the green sods;
I laughed at him and said
“Death has to wait for me”

**TESSA MARIYA JAISON X.B**
**District level 'A' GRADE**

# ചിത്രലോകം








By,
Ashna Bineesh IX-B


Nayana. Raveendran
Class : IX B

# പ്രളയവും അതിജീവനവും





രാജേഷ് ബി.എൻ

# ഇറാ സിംഗാൾ ഐ.എ.എസ്



സിവിൽ സർവ്വീസ് പരീക്ഷാ പൊതുവിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ ആദ്യ ഭിന്നശേഷിക്കാരിയായ ഇറാ സിംഗാൾ മീററ്റിലാണ് ജനിച്ചത്. സ്കോളിയോസീസ് എന്ന നട്ടെല്ലുമായി ബന്ധപ്പെട്ട തകരാറുമൂലം അവർക്ക് കരങ്ങൾക്ക് ചലനശേഷി നഷ്ടപ്പെട്ടിരിക്കുന്നു. സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് ചേരുന്നതിനു മുൻപ് ഇറാ സിംഗാൾ ബി.ടെക്, എം.ബി.എ എന്നീ പരീക്ഷകൾ പാസായിരുന്നു. ഇറായുടെ പ്രതീക്ഷകളും നിശ്ചയദാർഢ്യവും ശുഭപ്രതീക്ഷയും പ്രചോദനവും ദൃഢവിശ്വാസവുമൊക്കെ ജീവിതത്തിൽ അത്യുജ്ജ്വല വിജയം നേടുന്നതിന് അവളെ സഹായിച്ചു. “ജീവിതത്തിൽ പ്രശ്നങ്ങളേയില്ല, നാം പ്രശ്നങ്ങളെന്നു കരുതി പരിഗണിക്കുന്നവ ഒഴികെ” ഇറായുടെ വാക്കുകൾ ശ്രദ്ധാർഹമാണ്. മഹത്തായ ശുഭാപ്തിവിശ്വാസത്തിൻെറയും കഠിനാദ്ധ്വാനത്തിൻെറയും ഇത്തരം കഥകൾ ഏതുവിധ പ്രശ്നങ്ങളെയും അഭിമുഖീകരിക്കാൻ നമ്മളെ പ്രാപ്തരാക്കട്ടെ. ഇത്തരത്തിലുള്ള ജീവിത കഥകൾ നമ്മൾ യാത്രാമദ്ധ്യേ കൂട്ടുകയാണെങ്കിൽ ജീവിതത്തിലെ ഇല്ലായ്മകളെ അതിവേഗം നമുക്ക് അതിജീവിക്കാൻ സാധിക്കുന്നതാണ്.

**സോന തെരേസ സോജി** IX B

## Stephen Hawking



Stephen Hawking was the famous British theoretical physicist, cosmologist and author was born on 8th January 1942 in Oxford, England. He had his BA degree from the University of Oxford and PHD from the University of Cambridge. He suffers from a disuse known as Motor neuron disease or Low Gehriq's Disease which has Gradually released him over decades works in the fields of General relativity and Quantum gravity. His look 'A Brief History of Time' was a last seller.

By
Anju Jaison
IX B

## കഥ

# അവശതയിലെകരുതലാകേണ്ടവർ



ഉമ്മറപ്പടിയിലെ ചാരുകസേരയിൽ നിന്നുള്ള ശക്തമായ ചുമകേട്ടുകൊണ്ടാണ് ഭവാനിയമ്മ അകത്തുനിന്ന് വന്നത്. “ഇന്നു ചുമ പതിവിലിരട്ടിയുണ്ടല്ലോ? ആശുപത്രിയിൽ പോണോ? ആരെയെങ്കിലും ഒരു സഹായത്തിനു കിട്ടിയിരുന്നെങ്കിൽ... ” ഭവാനിയമ്മ പറഞ്ഞു നിർത്തി. കുറച്ചുനാളുകളായി പരമേശ്വരൻ ചേട്ടൻ രോഗബാധിതനായി അവശനിലയിലാണ്, സഹായിക്കാൻ ആരുമില്ല. “അപ്പുറത്തെ വീട്ടിലെ രാഘവൻെറ മകൻ രാമു അവിടെ ഉണ്ടോ ആവോ ? ഒരു വണ്ടി വിളിച്ചുകൊണ്ട് വന്നിരുന്നെങ്കിൽ...” എന്നു പറഞ്ഞുകൊണ്ട് ഭവാനിയമ്മ രാഘവൻെറ വീട്ടിലേക്കോടി. എന്തോ, ഭാഗ്യം; രാമു അവിടെയുണ്ട് . ഭവാനിയമ്മ രാഘവനോടു പറഞ്ഞു. “പരമേശ്വരൻ ചേട്ടന് ദീനം കുറച്ച കൂടുതലാണ്. അസ്പത്രിയിൽ പോകാൻ ഒരോട്ടോറിക്ഷ കൂട്ടി വരോ കുട്ട്യേ?”. രാമു വേഗം കവലയിലേക്കോടി വണ്ടിയുമായ് വന്നു. ഉടനെ പരമേശ്വരനേട്ടനേയും കൂട്ടി ആസ്പത്രിയിലെത്തി ഡോക്ടറെ കണ്ടു ; കാര്യങ്ങളെല്ലാം പറഞ്ഞു. ഡോക്ടറുടെ പരിശോധനയെല്ലാം

കഴിഞ്ഞ് രാമുവിനെ വിളിച്ചു.

"ആരാ മകനാണോ ?"

അല്ലയെന്ന് രാമു പറഞ്ഞു.

"ബന്ധുക്കളാരെങ്കിലുമുണ്ടോ ?"

ഡോക്ടർ തിരക്കി. "ആരുമില്ല" രാമുവിൻെറ മറുപടി. നില അൽപം ഗുരുതരമാണ്, എല്ലാവരേയും അറിയിച്ചോളു. ഡോക്ടറുടെ മറുപടി ദയനീയമായി. സമയം തെല്ലു കഴിഞ്ഞപ്പോൾ ചേട്ടൻ കണ്ണുകൾ ഇറുക്കി അടച്ചു. വിവരമറിഞ്ഞെത്തിയ നാട്ടുകാർ ചുറ്റും കൂടി. അവർ പരസ്പരം അടക്കം പറഞ്ഞു: "ഇത്രയധികം പണമുണ്ടായിട്ടെന്തുകാര്യം ?

സമ്പാദ്യമെല്ലാം വെറുതെയായില്ലേ ? കരുതലായി കൂടെ നിൽക്കേണ്ടവർ കാണാമറയത്തെങ്ങോ പോയിരിക്കുന്നു." അവർ പരസ്പരം നോക്കികൊണ്ട് പറഞ്ഞുകൊണ്ടിരുന്നു. ഇനി എന്തു ചെയ്യാൻ. ഇന്നത്തെ കാലത്തിൻെറ പോക്കു കണ്ടില്ലേ ? വന്നവർ ഓരോരുത്തരായി നെടുവീർപ്പിട്ടു. അവശതയിൽ കരുതലാകേണ്ടവർ ജീവിത സായാഹ്നതീരത്തുനിന്നും ഓടിയകന്നിരിക്കുന്നു. മനുഷ്യൻെറ ഓരോ ജീവിത രീതികൾ.

സാനിയ അനിൽ

VIII B


# നവകേരളത്തിൻ ജന്മദിനം

പച്ചപ്പട്ടിൻ പുലരിയുടുത്ത്
മിന്നും പൊന്നിൻ ചേലയണിഞ്ഞ്
അന്തിത്തിങ്കൾ തിലകക്കുറിയും
ചാർത്തിയൊരുങ്ങി മലയാളം
ആയിരമായിരം ആഴിത്തിരികൾ
ആർത്തുചിരിച്ചു മമഹൃത്തിൽ
ആമോദത്തിൻ വെള്ളിക്കൊലുസുകൾ
ആടിയണഞ്ഞു മമഹൃത്തിൽ
ജന്മദിനങ്ങൾ ഒന്നൊന്നായി
കൊഴിഞ്ഞുവീണു തൻമുന്നിൽ
62-ൻ പടികൾ കയറി ഏങ്ങിവലഞ്ഞു കിതക്കുമ്പോൾ
കാഴ്ചകളെത്ര കണ്ടു മുഷിഞ്ഞു.
ആമോദങ്ങൾ പോയ്മറഞ്ഞു
പ്രൗഢികളെല്ലാം പോയ്മറഞ്ഞോ....
കാലുകൾഏങ്ങി വലിയുന്നു
പഴയകാലത്തിൻ പൊൻപുലരികളിൽ
ഞാനെത്രയോ ധന്യ....

**ഡോണ മരിയ വിനോഷ് VIII B**

# ജീവചരിത്രം

# വൈക്കം മുഹമ്മദ് ബഷീർ



സാധാരണക്കാരൻെറ ജീവിതത്തെ അടുത്തുംഅനുഭവിച്ചും കഥകളെഴുതിയും കഥാപാത്രങ്ങളാക്കിയും മുഹമ്മദ് ബഷീർ ഹാസ്യത്തിൻെറ കൃതികളാണ് സാഹിത്യലോകത്തിന് നൽകിയത്. അനുഭവങ്ങൾ തന്നെയാണ് തൻെറ സൃഷ്ടി എന്ന് അദ്ദേഹം എഴുതി. ഓരോ കഥാപാത്രങ്ങൾക്കും അവരുടേതായ ഭാഷയിൽ ലളിതമായാണ് കഥകൾ പറഞ്ഞത്. തടവുജീവിതകാലത്ത് ബഷീർ എഴുതിയ പ്രേമലേഖനമാണ് അദ്ദേഹത്തിൻെറ ആദ്യരചന. എന്നാൽ 1944 ൽ തൻെറ ബാല്യകാല സുഹൃത്തായ സുഹറയെ മുഖ്യ കഥാപാത്രങ്ങളാക്കി എഴുതിയ ബാല്യകാലസഖി പ്രസിദ്ധീകരിച്ചതോടെ അദ്ദേഹം എഴുത്തുകാരൻ എന്ന് അറിയപ്പെട്ടു. നാടോടിയായും, സഞ്ചാരിയായും, തടവുകാരനായും ബഷീർ ജീവിതത്തെ അറിഞ്ഞു...

കോട്ടയം ജില്ലയിൽ വൈക്കത്തിനടുത്ത് തലയോല പറമ്പിലാണ് അദ്ദേഹം ജനിച്ചത്. പറയത്തക്ക

വിദ്യാഭ്യാസമൊന്നും നേടിയില്ല. സ്വാതന്ത്ര്യ സമരകാലത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്ന് സമരനായകനായി. ഇന്ത്യയിലെ വിവിധ പ്രദേശങ്ങളും, അറേബ്യയും, ആഫ്രിക്കയും കണ്ടറിഞ്ഞ മുഹമ്മദ് ബഷീർ ഒരു സഞ്ചാരിയായിരുന്നു. സർ. സി.പി രാമസ്വാമിഅയ്യരെ വിമർശിച്ചെഴുതിയതിന് 1942 ൽ തിരുവിതാംകൂർ പോലീസ് അറസ്റ്റ് ചെയ്യുകയും രണ്ട് വർഷത്തെ കഠിന തടവ് അനുഭവിക്കുകയും ചെയ്തു. ജയിലിൽ വെച്ചാണ് അദ്ദേഹം പ്രസിദ്ധമായ 'മതിലുകൾ' എന്ന കൃതി രചിച്ചത്. പ്രേമലേഘനം, മതിലുകൾ, എൻെറ ഉപ്പാപ്പയ്ക്ക് ഒരു ആനയുണ്ടാർന്ന്, മുച്ചീട്ടുകളിക്കാരൻെറ മകൾ, പൂവമ്പഴം, ബാല്യകാലസഖി, വിശ്വവിഖ്യാതമായ മൂക്ക് എന്നീ രസകരമായ പേരുകളായിരുന്നു ഓരോ കൃതികൾക്കും നൽകിയത്. കാക്ക, പൂച്ച, പട്ടി, ആട് തുടങ്ങിയ പ്രകൃതിയിലെ ജീവികളും അദ്ദേഹത്തിൻെറ കഥാപാത്രങ്ങളാണ്. എട്ടുകാലി മമ്മൂഞ്ഞി, മണ്ടൻ മൂത്താപ്പ, ആനവാരി രാമൻനായർ, പൊൻകുരിശ് തൊമ്മ, തുരപ്പൻ അവറാൻ തുടങ്ങിയ ഓരോ ബഷീർ കഥാപാത്രങ്ങളും വായനക്കാരൻെറ മനസ്സിൽ എന്നും നിറഞ്ഞുനിൽക്കുന്നു. 1970 ൽ കേന്ദ്രസാഹിത്യ അക്കാദമിയുടെ ഫെലോഷിപ്പും 1982 ൽ പത്മശ്രീയും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 1987 ൽ കാലിക്കറ്റ് സർവ്വകലാശാല ഡീലിറ്റ് ബിരുദം നൽകി ബഷീറിനെ ആദരിച്ചു.

മലയാളസിനിമയിലെ നിത്യ വിസ്മയങ്ങളായ ഭാർഗവിനിലയം, നീലവെളിച്ചം, ബാല്യകാലസഖി, മതിലുകൾ തുടങ്ങിയവ ബഷീറിൻെറ കൃതികളാണ്. 1994 ജൂലൈ 5 ൽ ഈ ലോകത്തോട് വിട പറഞ്ഞ വൈക്കം മുഹമ്മദ് ബഷീർ 21 വർഷം കഴിഞ്ഞും തൻെറ കൃതികളിലൂടെ വായനക്കാരുടെ മനസ്സിൽ നിറഞ്ഞു നിൽക്കുകയാണ്.

**ട്രീസ മരിയ**

VIII C



# ഹരിതകേരളം

## നവകേരളം എൻെറ ഭാവനയിൽ

പശ്ചിമഘട്ടനിരകളാൽ അനുഗ്രഹപൂർണ്ണമായ കേരളം. ഇന്ന് നമ്മുടെ കേരളം അതിവേഗം വികസിച്ചുകൊണ്ടിരിക്കുകയാണ്. പ്രളയക്കെടുതിയിൽ പോലും പതറാതെ നാം അതിനെ അതിജീവിച്ചു. നാം പരിശ്രമിച്ചു എന്നത് ഒരു പരമസത്യമാണ്. ഇത്രയും വലിയ ദുരന്തത്തെ ആട്ടിപായിച്ച നമുക്ക് എന്തുകൊണ്ട് മറ്റുചിലതുകൂടി ചെയ്തുകൂടാ.....

'പ്ലാസ്റ്റിക്ക് ', പേരുപോലെതന്നെ ഭയാനകം. ഇന്ന് ഭൂമിയിൽ ഉണ്ടാകുന്ന വിപത്തുകൾക്ക് മുഖ്യകാരണം പ്ലാസ്റ്റിക്കാണ്. ഹരിത കേരളത്തിനായി എന്തുകൊണ്ട് നാം കൈകോർത്ത് പ്രവർത്തിച്ചുകൂടാ... പ്ലാസ്റ്റിക്ക് മൂലമുണ്ടാകുന്ന ദുരന്തം അത് വളരെ വലുതാണ്. മൂന്നുകോടി ജനങ്ങൾ തിങ്ങിപാർക്കുന്ന ഈ കൊച്ചു കേരളത്തിൽ ഒരു ദിവസം എത്ര ലക്ഷം ടൺ പ്ലാസ്റ്റിക്ക് നാം മണ്ണിലേക്ക് ഇടുന്നുണ്ട്. എന്ന് ഊഹിക്കാൻ പോലും വയ്യ. പ്ലാസ്റ്റിക്ക് മണ്ണിൽ ലയിച്ചു ചേരില്ലാത്തതിനാൽ അത് ഭൂഗർഭജലത്തിൻെറ അളവ് വൻ തോതിൽ കുറയാൻ കാരണമാകും. പ്ലാസ്റ്റിക്ക് കത്തിക്കുന്നതിലൂടെ പുറത്തുവരുന്ന പുകയിൽ വൻതോതിൽ വിഷം അടങ്ങിയിട്ടുണ്ട്. അവ മനുഷ്യന് പല മാരകരോഗങ്ങൾക്കും കാരണമാകും. പ്ലാസ്റ്റിക്ക് മണ്ണിലേക്ക്

വലിച്ചെറിയുമ്പോൾ അവ സസ്യവളർച്ചയെ അതിക്രൂരമായി ബാധിക്കും. പരിസ്ഥിതിയിൽ പ്ലാസ്റ്റിക് ഉൽപന്നങ്ങൾ കൂട്ടുന്നത് വന്യജീവികളെയും മനുഷ്യരെയും ഗുരുതരമായി ബാധിക്കുന്നു. പ്ലാസ്റ്റിക്ക് മലിനീകരണത്തിന് ഭൂമി ഇരയാകുമ്പോൾ 'പ്ലാസ്റ്റിക്ക് ' എന്ന വില്ലനെതിരെ പോരാടാൻ നമ്മുക്ക് കടമയുണ്ട്. 'ഭാവി കേരള'ത്തെ സ്വപ്നം കാണാനും അവ അനുസരിച്ച് പ്രവർത്തിക്കാനും നമുക്ക് കടമയുണ്ട്; അത് ഒരു കേരളീയൻെറ അവകാശമാണ്.

കാലാവസ്ഥാ വ്യതിയാനം മൂലം കേരളത്തിലെ ചൂട് 100 വർഷത്തിനുള്ളിൽ 4.5 ഡിഗ്രി കൂടുമെന്നാണ് ശാസ്ത്രലോകത്തിൻെറ മുന്നറിയിപ്പ്. മഴകുറയും, പ്രകൃതി ദുരന്തങ്ങളുടെ എണ്ണം വർദ്ധിക്കും. ജനിതകമാറ്റം വന്ന പുതിയ വൈറസ്സുകളും രോഗങ്ങളും കാലാവസ്ഥാമാറ്റത്തിൻെറ മറ്റൊരു ലക്ഷണമാണ്.

കേരളത്തിൽ ആഞ്ഞടിച്ച 'ഓഖി'ചുഴലിക്കാറ്റിൽ 52 പേർ മരിക്കുകയും 91 പേരെ കാണാതാവുകയും ചെയ്തപ്പോൾ ശാസ്ത്രലോകം ഒരു മുന്നറിയിപ്പു നൽകി-'അറബിക്കടൽ പഴയ അറബിക്കടലല്ല ഇനി ചുഴലിക്കാറ്റ് അടിക്കടി ഉണ്ടാകാം.'

കേരളത്തിലെ 80 ശതമാനം കിണറും മലിനമാണെന്നാണു സംസ്ഥാനസർക്കാരിൻെറ പരിസ്ഥിതി ധവളപത്രത്തിലെ

കണക്ക്, വിസർജ്യവസ്തുക്കളിൽ കാണുന്ന ബാക്ടിരിയകളാണ് അവയിൽ.

കേരളത്തിൽ വാഹനങ്ങൾ കൂടുന്നത് വായൂമലിനീകരണത്തിനു കാരണമാണ്. വയലുകളുടെയും കാടിന്റെയും വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇവയൊക്കെ കേരളത്തിൻെറ ഭാവിയെ അതിക്രൂരമായി ബാധിക്കുന്നു. എന്നാൽ നമ്മുക്കതിനെ ഒരു പരിധിവരെ തടയാം.

പ്ലാസ്റ്റിക്കിൻെറ ഉപയോഗം നാം പൂർണ്ണമായും നിർത്തിയാൽ ഈ പറയുന്ന പ്രശ്നങ്ങളുടെ തീവ്രത 50 ശതമാനത്തോളം കുറയ്ക്കാൻ സാധിക്കും. ജലസ്രോതസ്സുകൾ മാലിന്യ വിമുക്തമാകും. പ്ലാസ്റ്റിക് കത്തിക്കുന്നതിലൂടെ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ തടയാം. ഇ-വേസ്റ്റുകൾ വേണ്ടവിധം നിക്ഷേപിച്ചാൽ ആ പ്രശ്നവും ഒഴിവാക്കാം. മരങ്ങൾ ധാരാളം വച്ചുപിടിപ്പിക്കാം. അപ്പോൾ 'ഹരിതകേരള' സ്വപ്നം സാക്ഷാത്കരിക്കാം. വന്യജീവികൾ 'കാടിൻെറ മക്കൾ' അവയെ സംരക്ഷിക്കാം. അവയുടെ വംശനാശം തടയാം. വാഹനങ്ങളുടെ ഉപയോഗം പരിമിതമാക്കാം. കാറുകൾ എടുത്ത് പായാതെ പരമാവധി ബസ്സുകളെ ആശ്രയിച്ചാൽ വായു മലിനീകരണം വൻ തോതിൽ കുറയ്ക്കാനായി സാധിക്കും. സി.എൻ.ജി ബസ്സുകളെ പ്രോത്സാഹിപ്പിക്കാം. നമ്മുടെ കേരളത്തെ പറുദീസയായി ഉയർത്താൻ കഴിയും. 'ദൈവത്തിൻെറ

സ്വന്തം നാട് 'എന്ന് വിളിക്കപ്പെടുന്ന കേരളം നാം ഹരിതകേരളമാക്കിയാൽ വിനോദസഞ്ചാരികളുടെ വർദ്ധനവിന് കാരണമാകും . മലകളെ സംരക്ഷിച്ചാൽ മഴയുടെ ലഭ്യത കൂടും. പച്ചപരവതാനി വിരിച്ച കേരളം. അവിടുത്തെ സംസ്കാരങ്ങളും കലകളും ജലസ്രോതസ്സുകളും മലകളും ഉചിതമായ കാലാവസ്ഥയും ഒക്കെ നമ്മുടെ ഭവനത്തിൽ ഒരു ഹരിതകേരളത്തെ സൃഷ്ടിക്കുന്നു. അവ നമ്മുടെ പ്രവർത്തിയിൽ കൊണ്ടുവരണം. വഴിവക്കിലൂടെ ഉടനീളമുള്ള മരങ്ങൾ തണൽ പ്രദാനം ചെയ്യാൻ സഹായിക്കും. പല ചെടികളും വരിയരികിലൂടെ വെച്ചുപിടിപ്പിച്ച് പരിപാലിച്ചാൽ സുന്ദരകേരളം, സുരക്ഷിതകേരളം എന്നിവയെ നമ്മുക്ക് ഉണ്ടാക്കാൻ കഴിയും. കലകളുടെ നാടായ കേരളത്തെ നമ്മുക്ക് സംസ്കാരങ്ങളിലൂടെ സംരക്ഷിച്ചാൽ; കേരളം അത് നമ്മുക്ക് വാക്കുകളിലൂടെപ്പോലും വർണ്ണിക്കാൻ സാധിക്കാത്തത്രയും വിധത്തിൽ സുന്ദരമാകും.

വരൂ നമ്മുക്ക് ഒന്നുചേർന്ന് ഈ കേരളപിറവി ദിനത്തിൽ 'ഹരിത കേരളം' നമ്മുടെ കടമയാണ്, അവകാശമാണെന്നറിഞ്ഞ് ഇന്നുമുതൽ ഞാൻ പ്രകൃതിയെ സംരക്ഷിക്കും വളർത്തും അതിനെ പരിപാലിക്കുമെന്ന് പ്രതിജ്ഞ ചെയ്യാം.

**ക്രിസ്റ്റിമോൾ കുഞ്ഞുമോൻ**
X- B

# സംഗീതോപകരണങ്ങൾ

## ഇന്ത്യൻ സംഗീതോപകരണങ്ങൾ



തബല



ഡോലാക്ക്



വീണ



ബാൺസുരി



ശ്രുതിപെട്ടി



സന്തൂർ

# വിദേശ സംഗീതോപകരണങ്ങൾ



കീബോർഡ്



വയലിൻ



ഗിത്താർ



ബ്യൂഗിൾ



ട്രംപെറ്റ്




ഡ്രംസ്

# അവസാനത്തെ അതിഥി

## *ജൂലിയുടെ ദുഃഖം*



ഏകാന്തവും തണുപ്പേറിയതുമായ ആശുപത്രിയുടെ വരാന്തകൾ മൂടൽ മഞ്ഞേറ്റ് വിറങ്ങലിച്ചു നിൽക്കുന്ന രാത്രി, ആശുപത്രിയുടെ തെക്കുവശത്തുള്ള ആൽമരം ഇരുട്ടിന്റെ ആഴങ്ങളിൽ മിന്നാമിന്നികളാൽ നക്ഷത്രനിബിഡമായിനിന്നു .

ആശുപത്രിയുടെ വലതുഭാഗത്തുള്ള മുറിയിൽ ജൂലി ജനൽ പാളികളിലൂടെ ആകാശത്തേക്ക് നോക്കി കിടന്നു .അവിടെ കാണുന്ന ഏറ്റവും വലിയ നക്ഷത്രം തന്റെ അമ്മയാണെന്നാണ് അവൾ വിശ്വസിച്ചിരിക്കുന്നത് .ജൂലിക്ക് മൂന്ന് വയസുള്ളപ്പോൾ മരിച്ചതാണ് അവളുടെ അമ്മ.അഞ്ചു വയസുള്ളപ്പോൾ അവളുടെ അച്ഛനും മരിച്ചു.പിന്നീട് വളർന്നതും പഠിച്ചതുമെല്ലാം മുത്തച്ഛന്റേയും മുത്തശ്ശിയുടെയും കൂടെയാണ്. ദാരിദ്ര്യമുള്ള ചുറ്റുപാടുകളായിരുന്നു ജൂലിയ്ക്ക് ഉണ്ടായിരുന്നതെങ്കിലും അവൾക്ക് ഒരു കുറവും വരുത്താതെ മുത്തച്ഛനവളെ വളർത്തി. മറ്റു കുട്ടികളെ പോലെ സ്കൂളിൽ വിട്ടു പഠിപ്പിച്ചു. ആകാശത്തെ ഏറ്റവും വലിയ നക്ഷത്രത്തെ നോക്കി മുത്തച്ഛൻ അവളോട് പറയും അതാണ് നിന്റെ അമ്മ.

ജ്ജൂലി ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ അവൾക്ക് ഒരു തലവേദന ഉണ്ടായി.ആശുപത്രിയിൽ എത്തിയപ്പോഴാണ് അവൾക്ക് ക്യാൻസർ എന്ന മാരകരോഗമാണെന്നറിഞ്ഞത്. രോഗത്തിന്റെ അവസാന ഘട്ടമായിരുന്നിട്ടും ചികിത്സ കൊണ്ട് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നതിൽ വിശ്വാസമില്ലെന്ന് ഡോക്ടർമാർ പറഞ്ഞിട്ടും മുത്തച്ഛൻ അവളെ ചികിൽസിപ്പിച്ചത് ആ വൃദ്ധമാതാപിതാക്കൾ ജീവിക്കുന്നതുതന്നെ ജൂലിയ്ക്കുവേണ്ടിയായതുകൊണ്ടാണ്.

രാത്രി ഏറെ വൈകിയപ്പോൾ അവൾ താനേ ഉറങ്ങിപ്പോയി.രാവിലെ നേഴ്സ് വന്നു അവളെ വിളിച്ചുണർത്തി. അന്നായിരുന്നു അവളുടെ കീമോയുടെ ദിവസം . ജൂലി ഞെട്ടി ഉണർന്നു.കീമോ എന്നത് ഭയാനകമായ ഒരു അനുഭവമാണ് .പക്ഷെ ജൂലി വിശ്വസിച്ചിരുന്നതു അവളുടെ ദുഃഖങ്ങളെക്കാൾ വലുതല്ല കീമോയുടെ വേദന എന്നാണ്.അച്ഛനും അമ്മയും മരിച്ച രോഗം പിടിപെട്ടു കിടക്കേണ്ട ഗതിയാണല്ലോ തനിക്കുവന്നതെന്നോർത്തു അവൾ എന്നും ദുഖിച്ചിരുന്നു.

ജൂലി കട്ടിലിൽ എഴുന്നേറ്റിരുന്നു.ഒരു ഫ്ലാസ്ക്കിൽ ചായയുമായി മുത്തച്ഛൻ കോണിപ്പടികൾ കയറി വന്നു . ചായകുടിക്കുമ്പോഴേക്കും വീൽചെയറുമായി ഒരു നേഴ്സ് വന്നു.മനസില്ലാമനസോടെ അവൾ കീമോ തെറാപ്പി ചെയ്യുന്ന

മുറിയിലേക്ക് പോയി.

കീമോ കഴിഞ്ഞു തിരിച്ചെത്തിയപ്പോൾ മുത്തച്ഛൻ മുറിയിൽ ഉണ്ടായിരുന്നില്ല. ജൂലി കട്ടിലിൽ കിടന്നുറങ്ങി. ഉച്ചയായപ്പോൾ മുത്തച്ഛൻ അവളെ വിളിച്ചുണർത്തി. അവൾ ചോദിച്ചു

"മുത്തശ്ശി വന്നില്ലേ "

വിദേശടൂറിസ്റ്റുകളെ പരിചയപ്പെട്ട് ഒരു മുതലാളിയുടെ അടുത്തെത്തിക്കുന്ന ജോലിയായിരുന്നു മുത്തച്ഛന് .അതിഥികളെ സ്വീകരിക്കാൻ ജൂലിയും മുത്തച്ഛനൊപ്പം പോകുമായിരുന്നു.ആശുപത്രിയുടെ മടുപ്പിക്കുന്ന അന്തരീക്ഷത്തിലും വീട്ടിലെ ഓർമ്മകൾ ജൂലിക്കെന്നും സുഖകരമായ അനുഭൂതികളായിരുന്നു.

പിറ്റേന്ന് മുത്തച്ഛൻ ഡോക്ടറുടെ മുറിയിൽനിന്ന് വന്നത് നന്നേ ദു:ഖത്തിലായിരുന്നു.മുത്തച്ഛൻ അവളോട് ചോദിച്ചു;

"നിന്നെ സൂര്യാസ്തമയം കാണിക്കാൻ കൊണ്ടുപോകണമെന്ന് നീ എപ്പോഴും പറയാറില്ലേ.ഇവിടെ വന്നതിൽ പിന്നെ നിനക്കൊരിക്കലും കാണാൻ പറ്റിയിട്ടില്ലല്ലോ.ഇന്ന് നമുക്ക് പോകാം"

അവൾ ആശ്ചര്യത്തോടെ മുത്തച്ഛനെ നോക്കുക മാത്രം ചെയ്തു. വൈകുന്നേരം ഡോക്ടറുടെ അനുവാദത്തോടെ അവർ കടപ്പുറത്തെത്തി.സൂര്യൻ ചക്രവാളത്തിലേക്ക് താഴാൻ

തുടങ്ങി.പകൽ മുഴുവനും സൂര്യപ്രകാശമേറ്റ് മിന്നിത്തിളങ്ങിയ ഓരോ മണൽതരികളും ശോഭയറ്റ് നിർജീവമാകുന്നതുപോലെ തോന്നും.അതുപോലെതന്നെ ജൂലിയുടെ കണ്ണുകളും മങ്ങി.അവളുടെ പ്രതീക്ഷകളെല്ലാം മങ്ങി.അവളുടെ പ്രതീക്ഷകളെല്ലാം ആ സൂര്യാസ്തമയത്തിൽ മറയുന്നതുപോലെ അവൾക്കു തോന്നി.മുത്തച്ഛന്റെ കണ്ണുകളിൽ കണ്ണുനീർ തിളങ്ങി.

രാത്രി നേരം വൈക്കുന്നതിനുമുംബ് അവൾ തിരിച്ചെത്തി.പകൽ സമയങ്ങളിൽ തനിയെ കിടന്നു മടുക്കുമ്പോൾ അവൾ പറയും ; "ഒന്ന് വേഗം രാത്രിയായിരുന്നെങ്കിൽ " കാരണം രാത്രി മാത്രമേ അവൾക്ക് അമ്മയെ കാണാൻ കഴിയുമായിരുന്നുള്ളൂ.നക്ഷത്രമായി ആകാശത്തു മിന്നുന്ന അമ്മയെ.

അന്നുരാത്രി ജൂലിയുടെ കണ്ണുകളിൽ വേഗം ഉറക്കം വന്നു തഴുകി.ബലപ്പെട്ട കണ്ണുകൾ തുറന്ന് ആകാശത്തെ നക്ഷത്രങ്ങൾക്കിടയിൽ അവൾ അന്യമായൊരു മാതൃസ്നേഹം തേടി.'അമ്മ നക്ഷത്രം അവളെ മാടിവിളിക്കുന്നതുപോലെ തോന്നി.

പിറ്റേന്ന് രാവിലെ മുത്തച്ഛൻ വിളിച്ചെങ്കിലും അവൾ ഉണർന്നില്ല.മുത്തച്ഛനെന്നല്ല,മറ്റാർക്കും വിളിച്ചുണർത്താൻ കഴിയാത്ത അഗാധമായ ഉറക്കത്തിലേക്കവൾ

പോയിരുന്നു.പകൽ സൂര്യൻ തന്റെ കിരണങ്ങളാൽ മറക്കുന്ന അമ്മയെ എന്നും അടുത്ത് കാണാൻ,മാതൃവാത്സല്യം അനുഭവിക്കാൻ മറ്റൊരു പുതുനക്ഷത്രമായി അവൾ ആകാശത്തു തെളിഞ്ഞു.മുത്തച്ഛനൊപ്പം അവൾ അതിഥികളെ സ്വീകരിക്കാൻ പോയിരുന്നു.എന്നാൽ അവൾ സ്വീകരിച്ചതിൽ വെച്ച് ഏറ്റവും നല്ല അതിഥിയായിരുന്നു അത്. മരണമെന്ന അവസാനത്തെ അതിഥി.



**നന്ദന വിജയൻ**

**X C**

**[ ഉപജില്ല കഥാരചന ഒന്നാം സ്ഥാനം]**

# ഇന്ത്യയിലെ ബഹിരാകാശ ഗവേഷണം സാധ്യതകളും വെല്ലുവിളികളും



## ആമുഖം

മനുഷ്യന്റെ സ്വപ്നങ്ങളും ജിജ്ഞാസയും ഈ മഹാപ്രപഞ്ചം പോലെതന്നെ അപരിചിതമാണ്.ഭൂമിയുടെ ആകർഷണ ശക്തി മറികടന്ന് ബഹിരാകാശത്തെത്തുകയും ഭൂമിയെ വലംവെച്ച് ഭൂമിയിൽ തന്നെ തിരിച്ചെത്തുക എന്നത് മനുഷ്യന്റെ വലിയൊരു സ്വപ്നമായിരുന്നു.നൂറ്റാണ്ടുകൾക്കു മുമ്പേ മനുഷ്യനിൽ രൂപപ്പെട്ട അന്വേഷണ ത്വര വൻ കണ്ടുപിടിത്തങ്ങൾക്കും കാരണമായി .ഈ കണ്ടെത്തലുകൾ ബഹിരാകാശത്ത് പറന്ന് നടക്കാനുള്ള മനുഷ്യന്റെ ആഗ്രഹത്തെ ഊട്ടിയുറപ്പിച്ചു.

## ബഹിരാകാശ ചരിത്രം

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം നടന്ന യുദ്ധമല്ലാത്ത യുദ്ധം എന്നറിയപ്പെട്ട ശീതസമരത്തിന്റെ വലിയ ഗുണങ്ങളിലൊന്നായിരുന്നു ബഹിരാകാശ ഗവേഷണ രംഗത്തുണ്ടായ കുതിച്ചു ചാട്ടം അന്നത്തെ പ്രബലശക്തികളായിരുന്ന അമേരിക്കയും സോവിയറ്റ് യൂണിയനും

തമ്മിൽ തങ്ങളിൽ ആരാണ് മുമ്പൻമാർ എന്ന് ലോകത്തെ കാണിക്കുന്നതിനു വേണ്ടി അല്ലെങ്കിൽ ലോകത്ത് അധിശത്വം ഉറപ്പിക്കുന്നതിനായി വേണ്ടി എല്ലാ മേഖലകളിലും പരസ്പരം മത്സരിച്ചു.ആ മത്സരം ഏറ്റവും കൂടുതൽ പ്രതിഫലിച്ച മേഖലയായിരുന്നു ബഹിരാകാശഗവേഷണപഠന രംഗം .അങ്ങനെ 1957 ൽ സ്പുട്നിക്ക് -1 എന്ന ബഹിരാകാശ ഉപഗ്രഹം ബഹിരാകാശത്തേയക്ക് അയച്ചുകൊണ്ട് സോവിയറ്റ് യൂണിയൻ ബഹിരാകാശയുഗത്തിന് തുടകം കുറിച്ച് .

1961 ഏപ്രിൽ 12 ന് ആണ് സോവിയറ്റ് യൂണിയന്റെ അടുത്ത കുതിച്ചു ചാട്ടം . യൂറി അലക്സ്വിച് ഗഗാറിനെയും വഹിച്ചുകൊണ്ട് വോസ്റ്റോക്ക് -1 എന്ന ബഹിരാകാശപേടകം ഭൂമിയുടെ ആകർഷണ മണ്ഡലതിലിൽനിന്നും പുറത്തു കടന്നു .അങ്ങനെ ,യൂറി ഗഗാറിൻ ലോകത്തിന്റെ ആദ്യ ബഹിരാകാശ യാത്രികനായി .ചന്ദ്രനെ കുറിച്ച പഠിക്കുന്നതിനായി അമേരിക്ക ആസൂത്രണം ചെയ്ത പദ്ധതിയാണ്അപ്പോളോ ദൗത്യങ്ങൾ .അങ്ങനെ മാനവരാശിയുടെ പരിശ്രമത്തിന് വൻ വിജയം ലഭിച്ചു.1969 ജൂലൈ 21 ന് പുലർച്ചെ 1 .48 ന് നീൽ ആറ്മസ്ട്രോങ് ,എഡ്വിൻ ആൽഡ്രിൻ ,മൈക്കിൾ കോളിൻസ് എന്നിവരെയും വഹിച്ചുകൊണ്ട് അമേരിക്കയുടെ ഈഗിൾ ചന്ദ്രനിൽ ഇറങ്ങി .

മറ്റുരാജ്യങ്ങൾ മനുഷ്യരെ പോലും ബഹിരാകാശത്തു

എത്തിക്കാൻ തക്ക വൻകിട റോക്കറ്റുകൾ നിർമിച്ചപ്പോൾ നാമാക്കട്ടെ 75 വ്വ്ന്ന വ്യാസമുള്ള ഒരു ചെറുറോക്കറ്റിൽ നിന്നാണ് ആരംഭിക്കുന്നത്.ആ റോക്കറ്റിന്റെ പേര് രോഹിണി എന്നായിരുന്നു .രോഹിണി റോക്കറ്റ് പരമ്പര സൗണ്ടിങ് വിഭാഗത്തിലുൾപ്പെടുന്നതാണ് .അത് അന്തരീക്ഷത്തിലെ വിവിധ പാളികളെകുറിച്ച പഠിക്കാനുള്ളതാണ്.രോഹിണി റോക്കറ്റുകൾ ക്രേമേണ വികാസം പ്രാപിച് RH 125,RH 200 ,RH 300 ,RH 560 എന്നിങ്ങനെ പടിപടിയായി വികസിച്ചു .

അതോടൊപ്പം ഒന്നിന് മുകളിൽ മറ്റൊന്നായി പല ഘട്ടങ്ങൾ ചേർത്ത് വച്ച് പ്രാപ്തി വർധിപ്പിച് 8 kg മുതൽ 100 kg വരെയുള്ള ശാസ്ത്രിയോപകരണങ്ങളിൽ 8 km മുതൽ 430 km വരെ ഉയരം കൊണ്ടുവരാൻ നമുക്ക് സാധിച്ചു. ചന്ദ്രനെ കുറിച്ച പഠിക്കാനായി ഇന്ത്യ വിക്ഷേപിച്ച ചന്ദ്രയാൻ വിജയകരമായി ചന്ദ്രഉപരിതലത്തിലെത്തി. ചന്ദ്രയാന്റെ വിക്ഷേപണം ഇന്ത്യൻ ബഹിരാകാശ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു. ചൊവ്വ ദൗത്യമായിരുന്ന മംഗലിയാനും ഇന്ത്യയുടെ ബഹിരാകാശ ചരിത്രരത്തിലെ വലിയ ഒരു നേട്ടമായിരുന്നു. മംഗലിയാണ് വിക്ഷേപണത്തോടു കുടി ചൊവ്വയെ കുറിച് കൂടുതലറിയാൻ നമുക്ക് സാധിച്ചു.

***ഇന്ത്യൻ ബഹിരാകാശ ഗവേഷണ രംഗത്തെ സംഭാവനകൾ***

ഇന്ത്യയെ ലോകരാജ്യങ്ങളിൽ മുന്പന്തിയിലെത്തിക്കുക എന്നത് സ്വതന്ത്ര ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായിരുന്ന ജവാഹർലാൽ നെഹ്രുവിന്റെ സ്വപ്നമായിരുന്നു . ശാസ്ത്രചിന്തയിലൂഉടെയും ശാസ്ത്ര സാകേതിക വിദ്യയിലൂടെയും മാത്രമേ അത് സാക്ഷാത്ക്കരിക്കാൻ സാധിക്കൂ എന്നദ്ദേഹം തിരിച്ചറിഞ്ഞു. നമ്മുടെ ബഹിരാകാശനയം രൂപീകരിച്ചതു അന്നത്തെ കിടയറ്റ ശാസ്ത്രജ്ഞനായിരുന്ന ഹോമിജെ ബാബ , വിക്രം സാരാഭായ് , എന്നിവരായിരുന്നു. നമ്മുടെ ബഹിരാകാശ ഗവേഷണ സ്ഥാപനമായ I .S .R .O നിരവധി പരീക്ഷണ നിരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു.

നാം നമ്മുടെ ഉപകരണങ്ങളുയുടെ സാറ്റലെറ്റ്കളും നിർമിക്കുന്നതിന് നൂറ്റാണ്ടുകൾക്ക് മുൻപ് ഭാരതത്തിൽ ജ്യോതിശാസ്ത്ര പഠനങ്ങൾ നടത്തിയിരുന്നു. ആര്യഭടനും വിരാഹവിഹനും ആയിരുന്ന അന്നത്തെ പ്രമുഖ ജ്യോതിശാസ്ത്രന്ജ്ഞർ. ആധുനിക കാലഘട്ടത്തിലേക്ക് വരുമ്പോൾ ,വെങ്കിട്ട രാമൻ രാധാകൃഷ്ണൻ ,ജീ മാധവൻ നായർ ,R .ചന്ദ്രശേഖർ ,റീതുകരിതാർ കല്പന ചൗള ,വിക്രം സാരാഭായ് എന്നിവർ ഇന്ത്യക്ക് ജ്യോതിശാസ്ത്ര രംഗങ്ങളിൽ വൻ സംഭാവനകൾ നൽകിയ വ്യക്തികൾ ആണ് . ബഹിരാകാശയുഗത്തിലേക്ക് ഇന്ത്യയെ നയിച്ച വ്യക്തിയായിരുന്ന A .P .J അബ്ദുൾ കലാം ഇന്ത്യൻ പ്രസിഡന്റ് പദവിയിലെത്തിയ ആദ്യ ശാസ്ത്രജ്ഞനായിരുന്ന അദ്ദേഹം.

# സാധ്യതകൾ

ഇനി നമുക്ക് ബഹിരാകാശ ഉപഗ്രഹങ്ങൾ കൊണ്ടുള്ള പ്രേയോജനങ്ങൾ പരിശോധിക്കാം . ദൂരത്തേക്ക് കോൾ ചെയ്യണമെങ്കിൽ ബുക്ക് ചെയ്തു കാത്തിരിയ്ക്കേണ്ട ഒരു അവസ്ഥ ഇന്ത്യയിൽ നിലനിന്നുരുന്നു. ഈ അവസ്ഥയ്ക്ക് വിരാമമിട്ടുകൊണ്ട് ഇന്ന് ടെലിഫോൺ സർവ സാധാരണമായി.ഒരു രാജ്യത്തിലെ എല്ലാ മേഖലകളിലും വെച്ച് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് വാർത്താവിനിമയം. രാജ്യത്തിൻറെ സുരക്ഷയ്ക്കും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വാർത്താവിനിമയ രംഗം വളരെയധികം പ്രാധാന്യമർഹിക്കുന്നു . വാർത്താവിനിമയ രംഗത്ത് വൻ കുതിച്ചുചാട്ടമുണ്ടാക്കുവാൻ വാർത്താവിനിമയ ഉപഗ്രഹങ്ങൾക്കു കഴിഞ്ഞിട്ടുണ്ട് . ഉപഗ്രഹങ്ങൾ ഉപയോഗിച്ചുള്ള ഭൗമനിരീക്ഷണം നമ്മുക്ക് നൽകുന്ന സഹായങ്ങൾ അളവറ്റതാണ്.കാർഷിക വിളകളുടെ കണക്കെടുപ്പ് ,മൽസ്യബന്ധനം ,വരൾച്ച ,വെള്ളപൊക്കം തുടങ്ങിയ എന്തും ബഹിരാകാശത്തുനിന്ന് നോക്കിക്കാണാം .

വെള്ളപൊക്കത്തിന്റെ വ്യാപ്തിയും തീവ്രതയും മനസിലാക്കാനും ചുഴലിക്കാറ്റുകളെ നേരത്തെ കണ്ടെത്താനും നിരീക്ഷണ ഉപഗ്രഹങ്ങൾ ഉപയോഗിക്കുന്നു.ഇവ കൂടാതെ ഗതിനിർനയ ഉപഗ്രഹങ്ങൾ കാലാവസ്ഥാ നിരീക്ഷണ ഉപഗ്രഹങ്ങൾ

എന്നിവയും ഏറെ പ്രാധാന്യം ഉള്ളവയാണ്.

## *ബഹിരാകാശ ഗവേഷണ രംഗം നേരിടുന്ന വെല്ലുവിളികൾ*

നമ്മുടെ ബഹിരാകാശ പദ്ധതികൾ വാണിജ്യ ആവശ്യങ്ങൾക്ക് ഉള്ളതല്ല.അത് രാജ്യത്തിന്റെയും ജനങ്ങളുടെയും ആവശ്യങ്ങളെ മുൻനിർത്തി ഉള്ളതാണ്.നാം ഉപഗ്രഹവിക്ഷേപണത്തിന്നായി മറ്റു രാജ്യങ്ങളെയാണ് ആശ്രയിക്കുന്നത്എങ്കിൽ ഒരു ഉപഗ്രഹം വിക്ഷേപിക്കുന്നതിന് ഒരു കിലോ ഗ്രാമിൻ ശരാശരി 22000 ഡോളർ എങ്കിലും ചെലവുവരും. അങ്ങനെ നോക്കുമ്പോൾ 25000 കിലോയുടെ ഒരു വാത്തവിനിമയ ഉപഗ്രഹം വിക്ഷേപിക്കുമ്പോൾ വരുന്ന ചിലവ് ഊഹിക്കാമല്ലോ ഒരു വികസ്വര രാജ്യമായ നാം ഈ വിധത്തിൽ ഉള്ള ഗവേഷണങ്ങൾക്ക് ഭീമമായ തുക ചിലവാക്കേണ്ടതുണ്ടോ ?എന്ന വിമർശനങ്ങളും പരാജയ സാധ്യതക കൂടുതലലാണ് എന്നതും വലിയ എതിർപ്പുകൾക്ക് കാരണമാകുന്നുണ്ട്.ഫണ്ട് അനുവദിക്കുന്നതിന് രാഷ്ടീയം ജേതാക്കളുടെ ഇടയിൽ വരുന്ന കാഴ്ചപ്പാടുകളും എല്ലാം ബഹിരാകാശ ഗവേഷണ രംഗം നേരിടുന്ന വെല്ലുവിളികളും ആണ് .

## *ഉപസംഹാരം*

നമ്മുടെ ബഹിരാകാശ ദൗത്യങ്ങൾ ഏറ്റവും ചെറിയ രോഹിണി


മുതൽ ചാന്ദ്രപരിവേഷണത്തിനായി ഉള്ള ചന്ദ്രയാനം ചൊവ്വ ദൗത്യമായ മംഗൾയാന വരെ എത്തി നില്കുന്നു. നമ്മുടെ ബഹിരാകാശ ഗവേഷണ രംഗം എല്ലാ വെല്ലുവിളികളെയും അതിജീവിച്ച മുന്നേറുകയാണ് .

എനിക്ക് തോന്നുന്നു ; ഇന്ത്യൻ ബഹിരാകാശ ഗവേഷണ രംഗം ഇത്രമാത്രം വികസിച്ചില്ലായിരുന്നുവെങ്കിൽ നമ്മുടെ രാജ്യത്തു ഇതുപോലെ പുരോഗതി ഉണ്ടാകുമായിരുന്നില്ല. താമസിയാതെ ബഹിരാകാശ ഗവേഷണ രംഗത്ത് മറ്റെല്ലാ രാജ്യങ്ങളിലും പിന്തള്ളി ഇന്ത്യ മുൻപന്തിയിൽ എത്തും എന്ന് നമുക്ക് പ്രതീക്ഷിക്കാം.

**സാങ്റ്റ മരിയ**

**VIII C**

**[സി.വി രാമൻ ദിനം - ഉപന്യാസ രചനയിൽ ഉപജില്ല ഒന്നാം സ്ഥാനം]**



## വാട്സ്സാപ്പ് തോട്ട്സ്

അയാൾക്ക് 5000 ഫ്രണ്ട്സും 10000 ഫോളോവേഴ്സും ഉണ്ടായിരുന്നു. ഒരു ദിവസം പനി പിടിച്ച് കിടന്നപ്പോൾ അയാളെ കാണാൻ ഒരു ഫ്രണ്ട് വന്നു, പക്ഷെ ആ ഫ്രണ്ടിനു മാത്രം ഫെയിസ്ബുക്ക് അക്കൗണ്ട് ഇല്ലായിരുന്നു........

# കവിത

# മാതൃഭൂമി



കേരളമെന്നതഭിമാനമാണെൻെറ
കേരവൃക്ഷങ്ങളാൽ പേരും പെരുമയും
ഞാനൊരു മുത്തച്ഛനാകുന്ന കാലത്തു-
കേരങ്ങളെന്നതും കേട്ടുകേൾവി.

കേരവൃക്ഷങ്ങളാൽ കേരളമെ-
ന്നൊരു പേരിനു കാരണമായിരുന്നു.
പുത്തൻ തലമുറ പേരുമാറ്റിടുവാൻ
കഷ്ടപ്പെടുന്നതും കണ്ടിടേണം

ഗോക്കളും, വെണ്ണയും, പാലും കവറിലായ്
കാലങ്ങൾ പോയി മറഞ്ഞിടുന്നു.
നാളികേരങ്ങളും പായ്ക്കറ്റിലാവുമ്പോൾ
നെഞ്ചു പിളർന്നെൻ നൊമ്പരങ്ങൾ.

**ആദർശ് ബോബിൻ**

**VIII.B**




A mild touch..........

A smile.............

Listening...............

**Congratulating.....**

A sympathetic concern.........

**We may think that these things are mere trifles...........**

***But ....***

These things are capable enough to even change your life.....



# മികവുകൾ

# സംസ്ഥാന സ്കൂൾ കലോത്സവം



***ടെസ്സ മരിയ ജെയ്സൺ***

**ഇംഗ്ലീഷ് പദ്യം ചൊല്ലൽ**

**A Grade**

***ഹിൽഡ ജെയ്സൺ***

**മലയാളം പ്രസംഗം**

**B Grade**

# കായിക മികവുകളിലൂടെ...


ചെറുപുഷ്പ ഹൈസ്കൂൾ
ചന്ദനക്കാംപാറ
ഖേലോ ഇന്ത്യ ദേശീയ ബാസ്കറ്റ് ബോൾ
ടൂർണ്ണമെന്റിനുള്ള കേരള ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട
ആഷ്‌ലിൻ ഷിജു
ഈ വർഷം സ്കൂൾ ഗെയിംസിൽ
ആദ്യമായി ഉൾപ്പെടുത്തിയ
വടംവലി മത്സരത്തിലെ
സംസ്ഥാന ചാമ്പ്യൻമാർ
സംസ്ഥാന വടംവലി മത്സരത്തിൽ
അണ്ടർ 19 വിഭാഗത്തിൽ
രണ്ടാം സ്ഥാനം
സംസ്ഥാന വടംവലി മത്സരത്തിൽ
അണ്ടർ 19 വിഭാഗത്തിൽ (400kg)
രണ്ടാം സ്ഥാനം
സംസ്ഥാന വടംവലി മത്സരത്തിൽ
അണ്ടർ 13 വിഭാഗത്തിൽ
രണ്ടാം സ്ഥാനം
അഭിനന്ദനങ്ങൾ
മാനേജർ, പി.ടി.എ. & സ്റ്റാഫ്
ചെറുപുഷ്പ ഹൈസ്കൂൾ
ചന്ദനക്കാംപാറ




സ്വാഗതം











**ചെറുപുഷ്പ ഹൈസ്കൂൾ ദേശീയ വടംവലി മത്സരത്തിലെ സ്വർണ്ണമെഡൽ ജേതാക്കൾ**



ദേശീയ വടംവലിമത്സരത്തിൽ ചാംപ്യൻമാരായ ചന്ദനക്കാംപാറ ചെറുപുഷ്പം ഹൈസ്കൂളിലെ വിദ്യാർഥികൾക്ക് പി.കെ.ശ്രീമതി എംപിയുടെ നേതൃത്വത്തിൽ കണ്ണൂരിൽ നൽകിയ സ്വീകരണം.



**ഡൽഹിയിൽ നടന്ന ദേശീയ സ്കൂൾ വടംവലി മത്സരത്തിൽ കേരള ടീം ക്യാപ്റ്റനായി തിരഞ്ഞെടുക്കപ്പെട്ട ചന്ദനക്കാംപാറ ചെറുപുഷ്പം ഹൈസ്കൂളിലെ വിദ്യാർത്ഥിനി**

**നവ്യശ്രീ രാജ്**

# നന്ദി

ചെറുപുഷ്പ ഹൈസ്കൂൾ ചന്ദനക്കാംപാറ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ ചെറിയൊരു സംരംഭമായ മാഗസിൻ ' QWERTY ' യാഥാർത്ഥ്യമാക്കാൻ ഞങ്ങളെ സഹായിച്ച ഹെഡ് മാസ്റ്റർ സി.എൽ ആന്റോ സർ , SITC  ഷെബിൻ ടീച്ചർ , കൈറ്റ് കോഡിനേറ്റേർസ് ആയ ടിനു സർ & ജിൻസി ടീച്ചർ, കാലാസൃഷ്ടികൾ തന്നു സഹായിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, ഞങ്ങളെ പ്രോൽസാഹിപ്പിച്ച മറ്റ് അദ്ധ്യാപകർ , ഓഫീസ് സ്റ്റാഫ്,ഏവർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

